# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 277 06.01.2014-ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയ്ക്ക് നേരെ കരിങ്കൊടി കാണിച്ച് പ്രതിഷേധിച്ചവർക്ക് നേരെയുണ്ടായ പോലീസ് ലാത്തിച്ചാർജ്ജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ശിവൻകുട്ടി | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | 2013 സെപ്റ്റംബർ 4 ന് തിരുവനന്തപുരം ജില്ലയിലെ ആനയറ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രിക്ക നേരെ കരിങ്കൊടി കാണിച്ച് പ്രതിഷേധം പ്രകടിപ്പിച്ചവർക്ക നേരെ പോലീസ് നടത്തിയ ലാത്തിച്ചാർജിന് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥന്മാർ ആരൊക്കെയായിരുന്നു; എത്ര പോലീസുകാർക്ക് പ്രസ്തുത കേന്ദ്രത്തിൽ ഡ്യൂട്ടി ഉണ്ടായിരുന്നു; വിശദമാക്കമോ; | (എ) | ആനയറ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രിക്ക് നേരെ കരിങ്കൊടി കാണിച്ച് പ്രതിഷേധം പ്രകടിപ്പിച്ചവർക്ക് നേരെ പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയിട്ടില്ല. എന്നാൽ മുഖ്യമന്ത്രിയുടെയും മറ്റും വാഹനത്തിനു നേരെ തള്ളിക്കയറിയ അക്രമസക്തരായ എൽ.ഡി.എഫ് പ്രവർത്തകർക്കെതിരെ പോലീസ് ആവശ്യമായ ബലപ്രയോഗം നടത്തി ടി അക്രമികളെ പിരിച്ചുവിട്ടിട്ടുണ്ട്. പ്രസ്തുത ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു. |

| DCP | ACP | CI | SI/ ASI | SCPO/ CPO | WCPO | AR CPO | Total |
|---|---|---|---|---|---|---|---|
| 1 | 3 | 8 | 24 | 57 | 17 | 92 | 202 |

| | | | |
|---|---|---|---|
| (ബി) | പ്രതിഷേധ സമരത്തിൽ പങ്കെടുത്തവർക്ക് നേരെ നിയമ വിരുദ്ധമായി പെരുമാറിയ പോലീസുകാർ ആരൊക്കെയായിരുന്നു; | (ബി) | പ്രതിഷേധ സമരത്തിൽ പങ്കെടുത്തവർക്ക് നേരെ നിയമ വിരുദ്ധമായി പെരുമാറിയത് പുത്തറ ഗ്രേഡ് എസ്. ഐ. ശ്രീ.വിജയദാസും, മറ്റ് മൂന്ന് പോലീസുകാരും ആണ് എന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | മർദ്ദനത്തിൽ പരിക്ക് പറ്റിയവർ ആരൊക്കെയായിരുന്നു; | (സി) | ശ്രീ. ജയപ്രസാദ് എന്ന ഡി.വൈ.എഫ്.ഐ പ്രവർത്തകൻ |

(ഡി) സമരത്തിൽ പങ്കെടുത്ത യുവാവിന്റെ ജനനേന്ദ്രിയത്തിൽ പിടിക്കുകയും ചവിട്ടുകയും ചെയ്ത പോലീസുകാർ ആരൊക്കെയായിരുന്നു;

(ഇ) നിയമ വിരുദ്ധമായി പ്രവൃത്തിച്ച പോലീസുകാർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കുകയുണ്ടായി; വിശദമാക്കുമോ?

(ഡി) & (ഇ) പ്രാഥമിക അന്വേഷണത്തിൽ പൂന്തുറ സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ. ശ്രീ. വിജയദാസനെതിരെ പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 1275/2013 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ടിയാനെ അറസ്റ്റ് ചെയ്യുകയും, സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് മൂന്ന് പോലീസുകാരും ടി കേസിൽ പ്രതികളാണ്. ഈ കുറ്റകൃത്യത്തെ സംബന്ധിച്ച് അന്വേഷണം തുടർന്നു വരികയാണ്.

സെക്ഷൻ ഓഫീസർ